KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. ൫൧൦, തൃശ്ശൂർ – ൬൮൦ ൦൨൦, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

---

Ref No: 12404 30/03/2026

**സർക്കുലർ നമ്പർ 19/2026 (BD)**

വിഷയം: എയ്ഡഡ് സ്കൂൾ അധ്യാപക /അനധ്യാപക ജീവനക്കാരുടെ ശമ്പള സർട്ടിഫിക്കറ്റ് ജാമ്യമായി സ്വീകരിക്കുന്നതിലെ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച്.

സൂചന: 1) 15/03/2026 തീയ്യതിയിലെ സ.ഉ (കൈ) നം.79/2026/GEDN സർക്കാർ ഉത്തരവ്.

2) 22/04/2021 തീയ്യതിയിലെ 32/2021(BD) നമ്പർ സർക്കുലർ.

******

എയ്ഡഡ് സ്കൂൾ അധ്യാപക /അനധ്യാപക ജീവനക്കാരുടെ സംരക്ഷണാനുകൂല്യം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് അനുസൃതമായി, പ്രസ്തുത ജീവനക്കാരുടെ ശമ്പള സർട്ടിഫിക്കറ്റ് കെ.എസ്.എഫ്.ഇ യിൽ ജാമ്യമായി സ്വീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ അതാത് കാലങ്ങളിൽ സർക്കുലറുകൾ മുഖേന ശാഖകൾക്ക് നൽകി വരാറുണ്ട്. 31/03/2015 വരെ റഗുലർ തസ്തികയിൽ നിയമിതരായി സംരക്ഷണാനുകൂല്യം ലഭിച്ച എയ്ഡഡ് സ്കൂൾ അധ്യാപക/അനധ്യാപക ജീവനക്കാരുടെ ശമ്പള സർട്ടിഫിക്കറ്റ് സൂചന (2) സർക്കുലർ പ്രകാരം കെ.എസ്.എഫ്.ഇ യുടെ വിവിധ പദ്ധതികൾക്ക് ജാമ്യമായി നിലവിൽ സ്വീകരിച്ച് വരുന്നുണ്ട്. സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം 2015-16 മുതൽ 2021-2022 അക്കാദമിക വർഷം (31/03/2022) വരെ എയ്ഡഡ് സ്കൂളുകളിൽ വ്യവസ്ഥാപിത അധിക/റഗുലർ (രാജി, മരണം, വിരമിക്കൽ, സ്ഥാനക്കയറ്റം, സ്ഥലമാറ്റം എന്നിവ പ്രകാരമുള്ള) തസ്തികകളിൽ, ശമ്പള സ്കെയിലിൽ നിയമനാംഗീകാരം ലഭിച്ച അധ്യാപക/അനധ്യാപക ജീവനക്കാർക്ക് വ്യവസ്ഥകൾക്ക് വിധേയമായി സംരക്ഷണാനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

മേൽ സാഹചര്യത്തിൽ 31/03/2022 വരെ വ്യവസ്ഥാപിത അധിക/റഗുലർ തസ്തികകളിൽ നിയമനം ലഭിച്ച സംരക്ഷണാനുകൂല്യത്തിന് അർഹതയുള്ള എയ്ഡഡ് സ്കൂൾ അധ്യാപക/അനധ്യാപക ജീവനക്കാരുടെ ശമ്പള സർട്ടിഫിക്കറ്റ് SREG വിഭാഗത്തിൽ ഉൾപ്പെടുത്തി കെ.എസ്.എഫ്.ഇ യുടെ വിവിധ പദ്ധതികൾക്ക് ജാമ്യമായി സ്വീകരിക്കാവുന്നതാണ്.

വ്യക്തിഗത ജാമ്യം സംബന്ധിച്ച മറ്റു നിബന്ധനകളിൽ മാറ്റമില്ലാതെ തുടരുന്നതാണ്.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**ഡോ. സനിൽ. എസ്. കെ**
**മാനേജിംഗ് ഡയറക്ടർ**

**To:- എല്ലാ ശാഖാ തലവന്മാർക്കും**

പകർപ്പ്

1. എല്ലാ മേഖലാ ഓഫീസുകൾക്കും
2. എല്ലാ IAD ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും
3. MD യുടെ PA
4. എല്ലാ വകുപ്പ് മേധാവികൾക്കും
5. എല്ലാ SDT ഓഫീസുകൾക്കും
6. സർക്കുലർ ഫയൽ